സംസ്ഥാനത്തെ തരിശ്ശിട്ടിരിക്കുന്ന കൃഷിഭൂമി

111 [2728] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിഭൂമിയാണ് തരിശ്ശാക്കിയിട്ടിരിക്കുന്നതെന്ന് പറയാമോ;

(ബി) ഇതിൽ മുൻകാലങ്ങളിൽ നെൽകൃഷി ചെയ്യുകയും ഇപ്പോൾ തരിശ്ശാക്കിയിട്ടിരിക്കുന്നതുമായ ഭൂമി എത്രയുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(സി) ഇപ്രകാരം കൃഷി ഭൂമി തരിശ്ശാക്കിയിടാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം 2001-02 വർഷം സംസ്ഥാനത്ത് 77853 ഹെക്ടർ നെൽപാടങ്ങൾ തരിശ്ശായി കിടക്കുന്നുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി) പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

1. നെൽകൃഷിയിൽനിന്നും മറ്റുവിളകളെ അപേക്ഷിച്ചുള്ള കുറഞ്ഞ വരുമാനവും അതേ സമയം കൂടുതൽ തൊഴിലാളികളുടെ ആവശ്യവും.
2. നെൽപാടങ്ങൾ നികത്തി വിൽക്കുമ്പോൾ കൂടുതൽ വില ലഭിക്കുന്നു.
3. ജലസേചന സൗകര്യങ്ങളുടെ കുറവ്.
4. തൊഴിലാളികളുടെ ലഭ്യത കുറവ്.
5. ഉല്പാദിപ്പിക്കുന്ന നെല്ലിന് കൊയ്ത്തുകാലത്ത് നേരിടുന്ന വിലയിടിവ്.
6. കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കീടങ്ങളുടെ ആക്രമണം

LIBRARY ARCHIVES Kerala Legislative Assembly